8

# സ്നാനം
# ആത്മീയ പരിച്ഛേദന

*"അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡ ശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ, തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു; സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ, അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്ര ചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു" (കൊലൊസ്യർ 2:11-13).*

സ്നാനത്തെക്കുറിച്ചുള്ള വേദഭാഗമായ കൊലൊസ്യർ 2:11-13, നാം ചർച്ച ചെയ്യുന്നതിനുമുൻപു നമുക്കു കൊലൊസ്യ ലേഖനം എഴുതിയ ഉദ്ദേശം നോക്കാം. കൊലൊസ്യ ലേഖനത്തിലെ അവന്റെ മുഖ്യ ഊന്നൽ യേശുവിന്റെ ശ്രേഷ്ഠതയാണ്. മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യങ്ങൾക്കുള്ള ഉത്തരം യേശുവാണെന്നും, നമുക്ക് അവനിൽ പാപമോചനവും, വീണ്ടെടുപ്പും ഉണ്ടെന്നും അവൻ ഊന്നിപ്പറയുന്നു (കൊലൊസ്യർ 1:14). അവന്റെ ശ്രേഷ്ഠ മനോഗുണങ്ങൾ അറിഞ്ഞാൽ (കൊലൊസ്യർ 1:15-18) നമുക്കു അവനിൽ വിശ്വാസം ജനിക്കും.

ക്രിസ്ത്യാനികൾ ഇരുട്ടിൽ നിന്നും വിടുവിച്ചു ദൈവപുത്രന്റെ രാജ്യത്തിലാക്കി വെച്ചവരാണെന്നു പൗലൊസ് പറഞ്ഞു (കൊലൊസ്യർ 1:13). അതു സൂചിപ്പിക്കുന്നതു ഇതു എഴുതുന്ന സമയത്തു (1) യേശു രാജാവായി കഴിഞ്ഞിരുന്നു, (2) രാജ്യം വന്നു കഴിഞ്ഞു, (3) പാപമോചനം ലഭ്യമായി, (4) ആളുകൾ രാജ്യത്തിലേക്കു പ്രവേശിച്ചു തുടങ്ങി. യേശു പൗലൊസിന്നു പ്രത്യക്ഷനായപ്പോൾ (ശൗൽ), അവനെ ജാതികളുടെ അടുക്കലേക്കു പോകുവാൻ ആവശ്യപ്പെട്ടു "അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു, അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു" (പ്രവൃത്തികൾ 26:18). ഇരുട്ടിൽ

നിന്നു വെളിച്ചത്തിലേക്കു മാറ്റപ്പെട്ടവർ പാപങ്ങൾ മോചിക്കപ്പെട്ടവരും യേശുവിന്റെ രാജ്യത്തിൽ പ്രവേശിച്ചവരും ആണ്.

യേശുവിൽ നമുക്കു പാപമോചനവും, വീണ്ടെടുപ്പുമുണ്ട് (കൊലൊസ്യർ 1:14). ദൈവത്തിൽ നിന്നു വിഛേദിക്കപ്പെട്ട ബന്ധം യേശുവിന്റെ രക്തത്താൽ നേരെയാക്കുവാൻ കഴിയും (1:20-22).

കൂടാതെ, യേശു ശ്രേഷ്ഠനാണ് കാരണം അവൻ ദൈവത്തിന്റെ രൂപമാണ് (1:15); സകല സൃഷ്ടികളുടെയും ആദ്യ ജാതൻ (1:15); സകലത്തിന്റേയും സൃഷ്ടികർത്താവു (1:16); സകലത്തിനും മുമ്പെയുള്ളവൻ (1:17); സകലത്തെയും ഒരുമിച്ചു വഹിക്കുന്നവൻ (1:17); ശരീരമാകുന്ന, സഭയുടെ തല (1:18); മരിച്ചവരിൽ നിന്നു ആദ്യ - ജാതൻ (1:18); സകലത്തിനും മുമ്പൻ (1:18).

അവൻ നമ്മുടെ കർത്താവു എന്ന അവസ്ഥയിൽ നിന്നു ആരും നമ്മെ വലിച്ചിഴക്കാതിരിക്കേണ്ടതിനാണ് പൗലൊസ് അടിസ്ഥാനപരമായ ഈ വസ്തുതകൾ നിരത്തുന്നത് (2:4, 8). അവനിൽ നമുക്കു താഴെ കൊടുത്തിരിക്കുന്നവ കാണാം: ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ (2:3), ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപത്തിൽ വസിക്കുന്നത് (2:9), പരിപൂർണ്ണരാക്കുന്നു (2:10), സ്നാനത്തിൽ ക്രിസ്തുവിന്റെ പരിഛേദനയാൽ പാപങ്ങളെ നീക്കുന്നു (2:11-13). ഈ യാഥാർത്ഥ്യങ്ങളാണ് നമ്മെ യേശുവിൽ വിശ്വസിപ്പിക്കുന്നതു മനുഷ്യരുടെ ഉപദേശങ്ങളും ന്യായപ്രമാണ കല്പനകളും ത്യജിക്കുവാൻ പ്രേരിപ്പിക്കുന്നത് (2:8, 14-17).

യേശു നമുക്ക് ഇല്ലെങ്കിൽ, നാം പ്രത്യാശ ഇല്ലാത്തവരും, ദൈവം ഇല്ലാത്തവരുമാണ്; പക്ഷെ നാം അവനിൽ ആണെങ്കിൽ, നാം അവന്റെ രക്തത്താൽ സമീപസ്ഥരായിരിക്കുന്നു. എഫെസ്യർ 2:13 പറയുന്നു, "മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു."

അവൻ നമ്മിൽ ആയിരിക്കുന്നതും നാം അവനിൽ ആയിരിക്കുന്നതുമാണ് നമ്മുടെ മഹത്വത്തിന്റെ പ്രത്യാശ (കൊലൊസ്യർ 1:27). അവനിൽ നാം ജഡിക ഇഛകളിൽ നിന്നു മോചിതരായി, ആത്മീയമായി ജീവിക്കുന്നവരും, സകല പാപങ്ങളിൽ നിന്നു ക്ഷമിക്കപ്പെട്ടവരുമത്രെ (കൊലൊസ്യർ 2:11-13).

അദ്ധ്യായം 2-ൽ കൊലൊസ്യയിലുള്ള ക്രിസ്ത്യാനികളോടു തുടർന്നും വിശ്വസ്തരായിരിക്കുവാനാണ് പൗലൊസ് അപേക്ഷിക്കുന്നത്. അവർ ക്രിസ്തുവിനുള്ളവരാണെന്നും, അതുകൊണ്ടു അവർക്കു അവനിൽ നിന്നു ആത്മിയ പരിഛേദനയും ലഭിച്ചിരിക്കുന്നു. എന്താണീ ആത്മിയ പരിഛേദന?

### സ്നാനം പരിഛേദന പോലെയാണ്

> അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ, കൈകൊണ്ടല്ലാത്ത പരിഛേദനയും ലഭിച്ചു (കൊലൊസ്യർ 2:11).

ദൈവം അബ്രഹാമും അവന്റെ സന്തതികളുമായി ചെയ്ത ഉടമ്പടി എന്തെന്നാൽ അവർ നിയമത്തിന്റെ മുദ്രയായ പരിഛേദന ഏല്ക്കുമെങ്കിൽ അവൻ അവരുടെ ദൈവം ആയിരിക്കും എന്നാണ് (ഉല്പത്തി 17:7–11). ഏതെങ്കിലും ഒരു ആൺപ്രജ പരിഛേദന ഏല്ക്കാതിരുന്നാൽ അവനെ ജനത്തിന്റെ ഇടയിൽ നിന്നു ഛേദിച്ചുകളയേണം (ഉല്പത്തി 17:14).

പൗലൊസ് സ്നാനത്തെ പരിഛേദനയുമായി താരതമ്യം ചെയ്യുന്നതു ആത്മിയമായിട്ടാണ്: പരിഛേദനയിൽ ഒരു കുട്ടിയുടെ അഗ്രചർമ്മം മുറിച്ചു കളയുന്നതുപോലെ, ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ നിന്നു പാപേഛകൾ എല്ലാം ഛേദിച്ചു കളയണം. സ്നാനത്തെ പരിഛേദനയുമായി താരതമ്യം ചെയ്തുകൊണ്ടു, സ്നാനത്തിൽ ആത്മിയ പരിഛേദന നടക്കുന്നതായി പൗലൊസ് പഠിപ്പിച്ചു. സ്നാനത്തിൽ, ഒരാൾ തന്റെ ജഡത്തിന്റെ ഇഛകളും പരിശീലനങ്ങളും ഉപേക്ഷിച്ചുകൊണ്ടു ആത്മിയമായ പരിഛേദന ഏല്ക്കുകയാണ് (കൊലൊസ്യർ 2:11).

"ഛേദിച്ചു കളയുക" എന്ന പ്രയോഗം (ഗ്രീക്ക്.: *അപ്പെക്ഡുസിസ്*) "കഴിഞ്ഞകാല ജീവിതത്തെ മുഴുവനായും ഉപേക്ഷിക്കുക, അതു സ്വാഗതം ചെയ്യാനാകാത്ത വസ്ത്രം കീറിക്കളയുക എന്നതാണ്."[1] ഇവിടെ പറഞ്ഞിരിക്കുന്ന പരിഛേദന "*കൈകൊണ്ടല്ലാത്തതാണ്*, അതായതു, അതു ദൈവത്തിന്റെ മുഴുവനായ പ്രവൃത്തിയാണ് .... പൗലൊസ് ഇവിടെ ഊന്നി പറയുന്നത്, അതു ദൈവത്തിന്റെ പ്രവൃത്തി ആണെന്നാണ്, സ്നാനത്തിൽ അനുഭവപ്പെടുന്നതുമാണ്."[2] (ഇതേ പ്രയോഗം മർക്കൊസ് 14:58 ലും 2 കൊരിന്ത്യർ 5:1 ലും കാണാം.)

"ജഡശരീരം" "പാപശരീരം" എന്നും (റോമർ 6:6) "മരണത്തിനു അധീനമായ ശരീരം" (റോമർ 7:24) എന്നും സൂചിപ്പിക്കുന്നു. ശരീരവും മാംസവും പാപമുള്ളതല്ല - യേശു ജഡത്തിൽ വസിച്ചതാണ് (യോഹന്നാൻ 1:14; റോമർ 1:3) - എന്നാൽ പാപം ശരീരത്തിൽ കടന്നുകൂടുകയാണ്. "ജഡം," എന്നു പൗലൊസ് പറഞ്ഞതിനർത്ഥം പാപസംബന്ധമായവ നമ്മെ പരീക്ഷിക്കുന്നു (ഗലാത്യർ 5:24). ശരീരത്തിന്റെ ഇഛ നിവർത്തിക്കുന്നതു, ഒരർത്ഥത്തിൽ, സ്നാനത്തിൽ ആത്മിയമായി ബന്ധപ്പെട്ടവരിൽ നീങ്ങിപോകുന്നു.

സ്നാനവും (2:12) പരിഛേദനയും (കൊലൊസ്യർ 2:11) തമ്മിലുള്ള ബന്ധം വ്യക്തമാണ്. പൗലൊസിന്റെ ചിന്താപുരോഗതി വ്യക്തമാക്കുന്നതു സ്നാനത്തിൽ ക്രിസ്തുവിന്റെ പരിഛേദനയുടെ ഫലം ലഭിക്കുന്നു.

മുറേ ഹാരിസ് പറഞ്ഞു, "നിങ്ങൾ സ്നാനപ്പെടുമ്പോൾ സംഭവിക്കുന്ന ഈ ഹൃദയ - പരിഛേദന, ദൈവ പ്രവൃത്തിയിലുള്ള നിങ്ങളുടെ വിശ്വാസത്താൽ നിങ്ങൾ ആത്മിയമായി മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവന്റെ വ്യാപാരശക്തിയാൽ അവനോടു കൂടെ നമ്മെയും ഉയർത്തിയിരിക്കുന്നു."[3]

## സ്നാനത്തിന്റെ അർത്ഥം

> സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ, അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു (കൊലൊസ്യർ 2:12).

"സ്നാനം" എന്നു കൊലൊസ്യ ലേഖനത്തിൽ അർത്ഥമാക്കിയതു പല രീതിയിൽ നമുക്കു നോക്കാം:

(1) ചിലർ വിചാരിക്കുന്നതു പൗലൊസ് പറയുന്നതു ആത്മാവിലുള്ള (വെള്ളത്തിലുള്ളതല്ല) സ്നാനമാണ് എന്നാണ്, പക്ഷെ അതല്ല ശരി. സ്നാനത്തെക്കുറിച്ചുള്ള വേദഭാഗത്തെ, ആൾബ്രെറ്റ് ഒബ്കെ നിരീക്ഷിച്ചതു, "സ്നാനത്തെക്കുറിച്ചുള്ള പുതിയ നിയമ വാക്യങ്ങളെല്ലാം പറയുന്നതു വെള്ളത്തിലുള്ള സ്നാനമാണ്, സന്ദർഭത്തിൽ മറ്റൊരു സൂചനയില്ലെങ്കിൽ. സാങ്കേതികമായി സ്നാനത്തിന്റെ അർത്ഥം 'വെള്ളത്തിൽ സ്നാനമേല്ക്കുക.' അതുകൊണ്ട് ഒരു മാദ്ധ്യമത്തെ പറയേണ്ട ആവശ്യമില്ല."[4]

നമ്മുടെ രക്ഷയുടെ ആത്മിയ വശം ദൈവം നമ്മുടെ പാപശരീരത്തെ നീക്കം ചെയ്യുകയും പാപമോചനം തരുകയും ചെയ്യുന്നു. നമ്മുടെ ഭാഗത്തുനിന്നു ദൈവ പ്രവൃത്തിയിലുള്ള വിശ്വാസത്തിന്റെ പ്രതികരണമായി സ്നാനം ഏല്ക്കുന്നു.

(2) വേറെ ചിലർ പറയുന്നതു പൗലൊസ് സ്നാനത്തെ സൂചിപ്പിച്ചതു അക്ഷരികമല്ല, ആലങ്കാരികമാണ്, ഇതും സത്യമല്ല. മറ്റു വേദഭാഗങ്ങളെല്ലാം സ്നാനം ആലങ്കാരികമെന്നു പറഞ്ഞാൽ, അപ്പോൾ ആ വാദത്തിനു ബലമുണ്ടാകും; എങ്ങനെയായാലും, മറ്റു വേദഭാഗങ്ങൾ സൂചിപ്പിക്കുന്നതു സ്നാനം എന്നതു വെള്ളത്തിലുള്ള സ്നാനം ആയിട്ടാണ് (മത്തായി 3:13–17; പ്രവൃത്തികൾ 8:35–39).

(3) മറ്റൊരു ചിന്താധാരയനുസരിച്ചു, പൗലൊസ് പഠിപ്പിച്ചതു, സ്നാനത്തിന്റെ ഫലമായി ദൈവം രക്ഷിക്കുന്ന വിശ്വാസം ഹൃദയങ്ങളിൽ നല്കും എന്നാണ്. ഒരു കൂട്ടം വ്യാഖ്യാതാക്കൾ എഴുതി, "യേശുവിനെ വീണ്ടും ഉയിർപ്പിച്ച, ദൈവത്തിന്റെ വീര്യപ്രവൃത്തിയിലുള്ള വിശ്വാസം, ആണ് രക്ഷിക്കുന്ന വിശ്വാസം (റോമർ 4:24; 10:9); 'യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ച' അതേ 'വീര്യപ്രവൃത്തി' തന്നെയാണ് ആത്മാവിലും പ്രവർത്തിക്കുന്നത് (എഫെസ്യർ 1:19, 20)."[5]

എങ്ങനെയായാലും, നഷ്ടപ്പെട്ടവരുടെ ഹൃദയത്തിൽ ദൈവം വിശ്വാസം ഇടുന്നു എന്ന ആശയം നാമധേയ വിഭാഗത്തിന്റെ വിശ്വാസ പ്രമാണത്തിന്റേതാണ്, തിരുവെഴുത്തിന്റേതല്ല. ബൈബിൾ പഠിപ്പിക്കുന്നതു ദൈവവചനം കേൾക്കുന്നതു മുഖാന്തരമാണ് ഒരാളിൽ വിശ്വാസം വരുന്നതു എന്നാണ് (യോഹന്നാൻ 17:20; 20:30, 31; പ്രവൃത്തികൾ 17:11, 12; റോമർ 10:17).

(4) മറ്റൊരു കാഴ്ച്ചപ്പാട് എന്തെന്നാൽ സ്നാനപ്പെടുന്ന വ്യക്തിയിൽ, ദൈവം അയാളുടെ ജീവിതത്തിൽ മറ്റൊന്നും പ്രവർത്തിക്കുന്നതിനു പകരം വിശ്വാസം വെച്ചിരിക്കുന്നതു യേശുവിന്റെ ഉയിർപ്പിലാണ്

എന്നതാണ്. വളരെ കുറച്ചു വ്യാഖ്യാനങ്ങൾ മാത്രമെ ഇതു തർജ്ജിമ ചെയ്തിട്ടുള്ളൂ.

(5) സ്നാനപ്പെടുന്നയാൾ ദൈവ പ്രവൃത്തികൾ വിശ്വസിച്ചു കൊണ്ടു സ്നാനപ്പെടുന്നതിനെ പൗലൊസ് പറയുന്നതു വെള്ളത്തിലുള്ള സ്നാനമാണെന്നു പറയുന്നതാണ് ഏറ്റവും ശരിയായ കാഴ്ച്ചപ്പാട് – യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ച പ്രവൃത്തി – യേശുവിന്റെ മരണത്തിന്റേയും ഉയിർപ്പിന്റേയും ഗുണ ഫലം അയാൾ തന്റെ ജീവിതത്തിൽ പ്രായോഗികമാക്കുന്നു. ഇതു സന്ദർഭവുമായി യോജിക്കുന്നതും ഏറ്റവും വിശ്വസനീയമായതുമായ വ്യാഖ്യാനവുമാണ്.

റാൽഫ് പി. മാർട്ടിൻ പറഞ്ഞു,

> അതുകൊണ്ടു ക്രിസ്തീയ സ്നാനം ആത്മിയ പരിഛേദനക്കുത്തരം നല്കുന്നതും ക്രിസ്തുവിന്റെ വീണ്ടെടുപ്പിനു വ്യക്തികൾക്ക് ആവശ്യമായ സ്വീകാര്യവും സമ്മതവും വേണം. അതിനർത്ഥം ഒഴിച്ചു കൂടാനാവാത്ത വിശ്വാസം ചടങ്ങിലല്ല, മറിച്ചു "കൂദാശയിൽ" പ്രവർത്തിക്കുന്ന ദൈവത്തിൽ ആയിരിക്കണം, അതു ക്രിസ്തുവിന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും ഏകീഭവിച്ചു എഴുന്നേറ്റു ദൈവിക ജീവിതത്താലാണ് പാപത്തെ കീഴ്പ്പെടുത്തുന്നത് (റോമർ 6:7, 9-11).[6]

ഹെർബെർട്ട് എം. കഴ്സൺ ശരിയായി നിരീക്ഷിച്ചു:

> ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ പ്രദർശിപ്പിച്ചതായ ദൈവത്തിന്റെ മഹത്തായ പ്രവൃത്തിയാണ് വിശ്വാസിയുടെ ആത്മധൈര്യം. പിന്നെ വാദം താഴെ കൊടുക്കുന്ന വിധത്തിലായിരിക്കും: അവർ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പു സ്വീകരിച്ചു. ഇതു ദൈവശക്തിയുടെ പ്രദർശന അടയാളമാണ്, ആ ശക്തിയിലുള്ള ആശ്രയം അവരെ ക്രിസ്തുവിനോടുകൂടെ ആത്മിയ ഉയിർപ്പിനു പ്രാപ്തരാക്കുന്നു.[7]

ജി. ആർ ബീസ്ലേ – മുറേ എഴുതി,

> സ്നാനശേഷം ശരിയായ പ്രതികരണം ഉണ്ടാകണമെന്ന ഉദ്ദേശമോ അല്ലെങ്കിൽ, സ്നാനത്തിൽ ദൈവം ചെയ്യുന്നതു മനസ്സിലാക്കണമോ, അല്ലെങ്കിൽ മനുഷ്യന്റെ മനോഭാവം കണക്കാക്കുക, സ്നാനത്തിൽ ദൈവം പ്രവർത്തിക്കേണ്ടതിനു വെറും വിശ്വാസത്തെ എടുത്തു കാണിക്കുന്നതു തെറ്റായ പ്രവണതയാണ്.[8]

സ്നാനപ്പെടുന്ന വ്യക്തിയിൽ പ്രവർത്തിക്കുന്ന വിശ്വാസം ഉണ്ടാകേണ്ട ആവശ്യകത ബെസ്ലേ – മുറേ കാണുകയുണ്ടായി. ഇവിടെ പറയുന്ന വിശ്വാസം യേശു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തിലല്ല, ദൈവ പ്രവൃത്തി സ്നാനപ്പെടുന്ന വ്യക്തിയിൽ സംഭവിക്കുന്നതാണ്. അവൻ ഇതും പറഞ്ഞു,

... വിശ്വാസിയെ മരിച്ചവരിൽ നിന്നുയർത്തുവാൻ വിശ്വാസിയുടെ വിശ്വാസത്തിനു ഒരു ശക്തിയുമില്ല - അതു ചെയ്യുവാൻ ദൈവത്തിലേക്കു നോക്കുവാൻ മാത്രമാണ് കഴിയുന്നത്; എന്നാൽ ഈ പ്രസ്താവനയനുസരിച്ചു, ദൈവം തന്റെ സർവ്വശക്തിയാൽ സ്നാനത്തിൽ മരിച്ചവരെ വിശ്വാസത്തോടു പ്രതികരിച്ചു സ്നാനപ്പെടുമ്പോൾ ഉയർത്തുന്നു. പ്രവർത്തിക്കുന്ന വിശ്വാസത്തിനു പുറമെ സ്നാനത്തിൽ ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നു എന്ന വസ്തുതയോടു യോജിക്കാവുന്നതല്ല.[9]

കാൾ ബ്രെയിൻ, തന്റെ *കമെന്ററി ഓഫ് ദ ഹോളി സ്ക്രിപ്ച്ചേഴ്സ്: കൊലൊസ്യർ* എന്ന പുസ്തകത്തിൽ പറഞ്ഞു,

ദൈവത്തെ പിന്നെ ചിത്രീകരിച്ചിരിക്കുന്നു: അവനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവനായി, കാരണം അനുമാന്യ പ്രമാണം ഒഴുകിവരുന്നു. ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചോ, അപ്പോൾ, പിന്നെ അവനു എന്നെ പുതിയ ജീവിതത്തിലേക്കു കൊണ്ടുവരാൻ കഴിയുമോ (കോമ്പ്. എഫെസ്യർ 1:19, 20)? അതു തീർത്തും "ദൈവ പ്രവൃത്തിയിലുള്ള," വിശ്വാസം മുഖാന്തരമാണ് അനുഭവപ്പെടുന്നത്.[10]

വില്യം ബാർക്ക്ലേ എഴുതി,

ദൈവം ക്രിസ്തുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ച, ദൈവശക്തിയാലുള്ള വിശ്വാസം ഒരാളിൽ വരുമ്പോഴാണ് അതു സംഭവിക്കുന്നത്. അതിനുശേഷം മാത്രമാണ്, ക്രിസ്തുവിനെ ക്രൂശു മുഖാന്തരം ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചവനു മാത്രമെ തന്നെ ഉയർത്തുവാൻ കഴിയൂ എന്നു ബോധ്യപ്പെടുന്നത്.[11]

മാർവിൻ ആർ. വിൻസെന്റ് ഊന്നി പറഞ്ഞതു ആ മാറ്റം സംഭവിക്കുന്നത് "ദൈവ പ്രവൃത്തിയിലുള്ള വിശ്വാസം മുഖാന്തരം ആണ്," അതായതു, "ദൈവം പ്രവർത്തിക്കുന്ന വിശ്വാസം അല്ല, എന്നാൽ ദൈവത്തിന്റെ പ്രവൃത്തിയിൽ നിങ്ങൾക്കുള്ള വിശ്വാസം ... ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ പ്രദർശിപ്പിച്ചതുപോലെ."[12]

റോബെർട്ട് ജി. ബ്രാച്ചറും യൂജിൻ എ. നിഡയും നല്ല ഒരു ചുരുക്കം നല്കുന്നുണ്ട്:

... [കൊലൊസ്യർ 2:12] ന്റെ മുഖ്യഭാഗം ഇങ്ങനെ ആക്കാം "ദൈവം തന്റെ ശക്തിയാൽ തന്റെ പുത്രനെ, ഉയിർപ്പിച്ചതുപോലെ, തന്റെ ശക്തിയാൽ, വീണ്ടും ജീവിക്കേണ്ടതിനു ഉയർത്തും. ക്രിസ്തുവിനോടുകൂടെയാണ്, അവൻ നിങ്ങളെ ഉയർത്തുന്നതു. ദൈവത്തിന്റെ ശക്തിയിൽ നിങ്ങൾ വിശ്വസിക്കുമ്പോഴാണ് ഇതു സംഭവിക്കുന്നത്." [13]

മരിച്ച യേശുവിന്റെ ശരീരത്തിനു ജീവൻ കൊടുത്ത ദൈവത്തിന്റെ

ശക്തിയാൽ പാപസംബന്ധമായി മരിച്ച ഒരാൾക്കു അതേ ദൈവശക്തി ആത്മിയ ജീവൻ നല്കും എന്ന വിശ്വാസത്തോടെ സ്നാനമേല്ക്കുന്ന വ്യക്തിക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്. ഉപദേഷ്ടാവിലോ, വെള്ളത്തിലോ, ആ പ്രവൃത്തിയിൽ തന്നെയോ, അല്ലെങ്കിൽ യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ തന്നെയോ ഉള്ള വിശ്വാസമല്ല – എന്നാൽ ദൈവത്തിന്റെ പ്രവൃത്തിയിലുള്ള വിശ്വാസം, അവൻ അതു യേശുവിനെ ഉയിർപ്പിച്ചുകൊണ്ട് (ഭൗതികം അല്ലെങ്കിൽ ആത്മികം) ജീവൻ കൊടുക്കുന്ന തന്റെ ശക്തി കാണിച്ചു കൊടുത്തു. യേശുവിന്റെ മൃതശരീരത്തിനു നവജീവൻ കൊടുക്കുവാൻ കഴിഞ്ഞ ദൈവത്തിൽ ഒരാൾ വിശ്വസിക്കുന്നു എങ്കിൽ, തീർച്ചയായും, ദൈവത്തിനു അയാൾ സ്നാനം ഏല്ക്കുമ്പോൾ പാപമോചനവും ആത്മീയ ജീവനും നല്കുവാൻ കഴിയും എന്ന അടിസ്ഥാനം വിശ്വാസത്തിൽ ഇടുവാൻ കഴിയും.

ദൈവം ചെയ്യുന്നതിലുള്ള വിശ്വാസം ആസ്പദമാക്കിയാണ് സ്നാനത്തിനു വില കല്പിക്കുന്നത്. ആ വിശ്വാസം ഇല്ലെങ്കിൽ ചെയ്യുന്ന പ്രവൃത്തി, വെറുതെയാണ്. സ്നാനം അതിനാൽ – വിശ്വാസമോ മനസ്സിലാക്കലോ കൂടാതെ ആണെങ്കിൽ – ആത്മിയ പരിഛേദന നടക്കുകയോ യേശുവിനോടുകൂടെ ജീവിപ്പിക്കപ്പെടുകയോ ഇല്ല. പ്രവർത്തിക്കുന്ന ദൈവത്തിൽ വിശ്വാസം ഉണ്ടാകുന്നതിനു, സ്നാനപ്പെടുമ്പോൾ ദൈവം എന്തു ചെയ്യുമെന്ന് അറിയണം. ദൈവം നമ്മുടെ പാപങ്ങളും പാപേഛകളും നീക്കം ചെയ്ത് ആത്മിയമായി നാം ജീവിക്കുന്നവരാക്കുന്നത് ദൈവത്തിനു എന്തു ചെയ്യാൻ കഴിയും എന്തു ചെയ്യും എന്നു നാം വിശ്വസിക്കുന്നതുകൊണ്ടാണ്. ഇതു യേശുവിനോടുകൂടെ അവന്റെ അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കുചേരുമ്പോൾ മാത്രമാണ് സംഭവിക്കുന്നത്. സ്നാനത്തിൽ നാം – ഇതു ഭൗതികമായും – ആത്മികമായും ചെയ്യുന്നു.

നാം അവസാനിപ്പിക്കുന്നതു (1) ദൈവം പാപങ്ങൾ മോചിക്കുമെന്നും, നമ്മെ ജീവിപ്പിക്കുമെന്നും ഉള്ളതിന്റെ അടിസ്ഥാനത്തിൽ നാം സ്നാനമേല്ക്കുമ്പോൾ നമ്മുടെ വിശ്വാസത്തിൽ ദൈവം പ്രവർത്തിക്കും എന്നതാണ് പൗലൊസിന്റെ കാഴ്ച്ചപ്പാട് (2) അത്തരം ഫലം പുറപ്പെടുവിക്കുവാൻ സ്നാനത്തിനകത്തു പ്രത്യേക കഴിവില്ല. സ്നാനത്തിൽ നാം യേശുവിനോടു കൂടെ അടക്കപ്പെടുകയും ആത്മിയ ജീവിതവും പാപമോചനവും നമ്മെ ഉയിർപ്പിക്കുമ്പോൾ തരും എന്ന വിശ്വാസത്തിൽ നാം സ്നാനപ്പെടുമ്പോൾ ദൈവം പ്രവർത്തിക്കുന്നു.

### പാപം ക്ഷമിക്കയും ജീവിപ്പിക്കയും ചെയ്തു

> അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും, മരിച്ചവരായിരുന്ന നിങ്ങളേയും അവൻ അവനോടു കൂടെ ജീവിപ്പിച്ചു (കൊലൊസ്യർ 2:13).

ദൈവത്തിനു തന്റെ ശക്തിയാൽ എന്തു ചെയ്യുവാൻ കഴിയും എന്നു വിശ്വസിക്കുന്നവർ സ്നാനപ്പെടുമ്പോൾ, അവർ ജീവിപ്പിക്കപ്പെ

ടും. അത്തരം മാറ്റം സംഭവിക്കുന്നതു കാണിക്കുവാൻ പൗലൊസ് രണ്ടു കാര്യങ്ങൾ എടുത്തു കാണിക്കുന്നു (കൊലൊസ്യർ 2:11-13).

സ്നാനത്തിനു മുൻപു, കൊലൊസ്യയിലുണ്ടായിരുന്നവർ ജഡിക ഇഛകൾക്കു കീഴ്പ്പെട്ട് "അഗ്രചർമ്മികൾ," ആയിരുന്നു എന്നു പൗലൊസ് പറഞ്ഞു. അവർ "പാപത്തിൽ മരിച്ചവർ" ആയിരുന്നു എന്നും പൗലൊസ് പറഞ്ഞു – അതായത്, ആത്മിയമായി പാപത്താൽ മലിനപ്പെട്ടു. സ്നാനത്തിൽ, ഒരു മാറ്റം സംഭവിച്ചു: അവരുടെ പാപേഛകൾ നീങ്ങിപോകേണ്ടതിനു ആത്മിയ പരിഛേദന ഏല്ക്കുകയും ആത്മിയമായ അർത്ഥത്തിൽ യേശുവിന്റെ ഉയിർപ്പിൽ പങ്കുകാരാകുകയും ചെയ്തു. ദൈവം എന്തുചെയ്യുമെന്ന അവരുടെ വിശ്വാസത്താൽ, അവർ പാപത്തിൽ ജീവിക്കുന്നതു മതിയാക്കുകയും ആത്മിയമായി ജീവിപ്പിക്കപ്പെടുകയും ചെയ്തു. അവരുടെ മുമ്പിലത്തെ അവസ്ഥക്കു കാരണമായിരുന്ന പാപത്തെ സ്നാനത്താൽ നീക്കി, ആത്മിയമായി പരിഛേദന ഏല്ക്കുകയും ആത്മിയമായി ജീവിക്കയും ചെയ്തു. കൊലൊസ്യരെ സംബന്ധിച്ചു പൗലൊസ് പറഞ്ഞു, "അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്ര ചർമ്മത്തിലും, മരിച്ചവരായിരുന്ന നിങ്ങളേയും, അവൻ അവനോടു കൂടെ ജീവിപ്പിച്ചു" (കൊലൊസ്യർ 2:13).

പൗലൊസിന്റെ സന്ദേശത്തെക്കുറിച്ചു യോജിച്ച ഒരു ചുരുക്കം ഏ.റ്റി. റോബെർട്ട്സൺ നല്കുന്നുണ്ട്: "ദൈവം ജീവൻ തന്നു, അവനു ആത്മാവിനും ശരീരത്തിനും ജീവൻ നല്കുവാൻ കഴിയും. സംശയിക്കുന്നവർക്കു പൗലൊസ് ദൈവത്തിന്റെ ശക്തി നല്കുന്നു."[14]

പിന്നീട്, പൗലൊസ് പഠിപ്പിക്കുന്നതു സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെടുകയും ഉയിർക്കപ്പെടുകയും ചെയ്ത ശേഷം എന്തായിരിക്കണം നടക്കേണ്ടതു എന്നാണ്. "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ, ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (കൊലൊസ്യർ 3:1, 2).

### ചുരുക്കം

സ്നാനം കൂടാതെയുള്ള വിശ്വാസം അപൂർണ്ണവും, ദൈവപ്രവൃത്തിയിലുള്ള വിശ്വാസം ഇല്ലാതെയുള്ള സ്നാനവും വിലയില്ലാത്തതാണ്. സ്നാനത്തിൽ, നാം യേശുവിന്റെ അടക്കത്തിലും ഉയിർപ്പിലും പങ്കുകാരാകുമ്പോൾ നമ്മിൽ ദൈവം പ്രവർത്തിക്കുന്നതിലുള്ള നമ്മുടെ വിശ്വാസത്തെ ആസ്പദമാക്കിയാണ് രക്ഷ നല്കുന്നത്. ഈ വിശ്വാസം പറയുന്നതു എന്തെന്നാൽ യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ച ദൈവശക്തി തന്നെ, നമ്മെയും ഉയിർപ്പിച്ചു പുതിയ ജീവിതത്തിലേക്കു വരുത്തും. യേശുവിനോടുകൂടെ ഈ മാറ്റം നമ്മിൽ അനുഭവപ്പെടുമ്പോൾ, നമ്മുടെ ജീവിത ലക്ഷ്യം ഭൗമികത്തിൽ നിന്നും സ്വർഗ്ഗീയത്തിലേക്കു തിരിക്കുന്നു.

കുറിപ്പുകൾ

[1]റാൽഫ് പി. മാർട്ടിൻ, *കൊലൊസിയൻസ് ആന്റ് ഫിലെമൻ*, ദ ന്യൂ സെഞ്ചറി ബൈബിൾ കമെന്ററി, ജെൻ. എഡി. മാത്യു ബ്ലാക്ക് (ഇംഗ്ലണ്ട്: മാർഷൽ, മോർഗൻ ആന്റ് സ്കോട്ട്, 1973; റീപ്രിന്റ്, ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംഗ് കമ്പനി., 1985), 81. (എംഫസിസ് ഹിസ്.) [2]ഇബിഡ്., 82. [3]മുറേ ജെ. ഹാരിസ്, *കൊലൊസിയൻസ് ആന്റ് ഫിലെമൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1991), 112. [4]ആൽബ്രെറ്റ് ഓപ്കെ, "*ബാപ്റ്റിസോ,*" *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, വാല്യം. 1, എഡി. ജെർഹാർഡ് കിറ്റെൽ, ട്രാൻസ്. ജിയോഫ്രി ഡബ്ളിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംഗ് കമ്പനി., 1964), 539. [5]റോബെർട്ട് ജമിസൺ, ഏ. ആർ. ഫോസെറ്റ്, ആന്റ് ഡേവിഡ് ബ്രൌൺ, *കമെന്ററി ഓൺ ദ ഹോൾ ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1961), 1321. [6]റാൽഫ് പി. മാർട്ടിൻ, *കൊലൊസിയൻസ്: ദ ചർച്ച്സ് ലോർഡ് ആന്റ് ദ ക്രിസ്ത്യൻസ് ലിബെർട്ടി* (എക്സെർട്ടർ: ദ പാറ്റെർനൊസ്റ്റർ പ്രെസ്, 1972), 87. [7]ഹെർബെർട്ട് എം. കാഴ്സൺ, സ്റ്റാൻഡ് പെർഫെക്ട് ഇൻ വിസ്ഡം (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1981), 110. [8]ജി. ആർ. ബീസ്‌ലി – മുറേ, *ബാപ്റ്റിസം ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംഗ് കമ്പനി., 1977), 273. [9]ഇബിഡ്., 364. [10]കാൾ ബ്രൌൺ, *കമെന്ററി ഓൺ ദ ഹോളി സ്ക്രിപ്ച്ചേഴ്സ്: കൊലൊസ്യൻസ്,* വാല്യം. 3, ന്യു എഡി., എഡി. പീറ്റർ ലെയിഞ്ച്, ട്രാൻസ്. എം. ബി. റിഡിൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1969), 46.

[11]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊസിയൻസ് ആന്റ് തെസ്സലൊനിയൻസ്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരിസ് (ഫിലഡെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1959), 168. [12]മാർവിൻ ആർ. വിൻസെന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്*, വാല്യം. 3 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംഗ് കമ്പനി., 1946), 489. [13]റോബെർട്ട് ജി. ബ്രാച്ചർ ആന്റ് യൂജീൻ എ. നിഡ, *എ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓഫ് പോൾസ് ലെറ്റേഴ്സ് റ്റു ദ കൊലൊസിയൻസ് ആന്റ് റ്റു ഫിലെ*മൻ (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1977), 58. [14]എ. റ്റി. റോബർട്ട്സൺ, *പാൾ ആന്റ് ദ ഇന്റലെക്ച്വൽസ്: ദ എപ്പിസ്റ്റിൽ റ്റു ദ കൊലൊസിയൻസ്*, റെവ. ആന്റ് എഡി. ഡബ്ലിയു. സി. സ്ട്രിക്ക്ലാന്റ് (ന്യൂയോർക്ക്: ഡബിൾഡേ, ഡോറാൻ ആന്റ് കമ്പനി., 1928; റീപ്രിന്റ്, നാഷ്‌വില്ലേ: ബ്രോഡ്മാൻ പ്രെസ്സ്, 1959), 84.

© 2009 Truth for Today